Proceedings

of

THE TRAVANCORE REPRESENTATIVE BODY.

(*OFFICIAL REPORT.*)

SECOND MEETING.

Wednesday, the 21st April 1948/9th Medom 1123.

The Representative Body met in the Legislative Chamber, Trivandrum, at twelve noon on Wednesday the 21st April 1948/9th Medam 1123, the President (the Honourable Mr. A. J. John,) in the Chair.

Election of Deputy President.

MR. PRESIDENT : ഡെപ്യൂട്ടിപ്രസിഡന്റിന്റെ സ്ഥാനത്തേക്ക് ഇപ്പോൾ ഒരാളുടെ പേരു മാത്രമേ നാമനിർദ്ദേശം ചെയ്തിട്ടുള്ളൂ. അത് മി. ജി. ചന്ദ്രശേഖരപിള്ള എന്നാണ്. അദ്ദേഹത്തിന്റെ നാമനിർദ്ദേശപത്രം സാധുവായിട്ടുള്ളതുമാണ്. എതിരായി വേറെ ആരേയും നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തതുകൊണ്ട് മി. ജി. ചന്ദ്രശേഖരപിള്ളയെ ഡെപ്യൂട്ടിപ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി ഞാൻ പ്രഖ്യാപനം ചെയ്യുന്നു.

ഡെപ്യൂട്ടിപ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മി. ചന്ദ്രശേഖരപിള്ളയെ അനുമോദിക്കുന്നതിന് അനുവാദം കൊടുക്കണമെന്ന് പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ അനുവാദം കൊടുക്കുന്നതിന് മുമ്പായി ഞാൻ അദ്ദേഹത്തെ അത്യുമായി അനുമോദിച്ചുകൊള്ളുന്നു.

മി. ചന്ദ്രശേഖരപിള്ള നമുക്കെല്ലാവർക്കും അടുത്തറിയാവുന്ന ഒരു ദേഹമാണ്. അദ്ദേഹത്തിന്റെ നിസ്വാർത്ഥസേവനവും സ്വഭാവവിശേഷവും കൃത്യനിർവഹണത്തിലുള്ള താൽപര്യവും, നിഷ്പക്ഷവൃത്തിയും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ ഇവിടത്തെ ജോലി ശരിയായ വിധത്തിൽ നിർവഹിക്കുമെന്ന് ഈ സഭയിലെ അംഗങ്ങൾക്കു പ്രതീക്ഷിക്കാവുന്നതാണ്. അദ്ദേഹത്തിന് വേണ്ട സഹായസഹകരണങ്ങളും എല്ലാവരും നൽകണമെന്ന് പ്രാർത്ഥിച്ചുകൊണ്ടു ഞാൻ അദ്ദേഹത്തിന് സർവവിധമായ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MISS ANNIE MASCARENE (*Trivandrum I—Latin Catholic Reserved*): I have great pleasure to congratulate Mr. G. Chandrasekhara Pillai on his new position. It is a great privilege, particularly for a citizen of Travancore, next only to that of the President to occupy the Deputy Chair. Mr. Chandrasekhara Pillai is well-known in Travancore for his selfless service and he is most fitted for that place both by his service as well as by his topping figure. On several occasions when bravery, courage and gallant soldiery were required in this State to hoist the National Flag, Mr. Chandrasekhara Pillai rose to the occasion as a gallant soldier ought to and performed his duties even at the risk of his own life. We have been watching his activities for the last so many years and he is liked by many people. I have not come across a person who has disliked him. His simplicity is widely known. His open heart is simply worthy. Besides he has affectionate behaviour towards each and every one who come across him. He has always sympathy for the poor and his sense of justice is very remarkable. What has appealed to me most during those occasions when I moved closely with him was his sense of chivalry to protect me on various occasions from rowdies. Mr. Chandrasekara Pillai was the captain of our ranks and as a soldier he was a captain of those who followed him. In all public meetings we can see Mr. Chandrasekhara Pillai as a topping figure standing in the midst of trouble controlling the behaviour of the meeting and at the same time behaving in the best manner possible as was required of a captain. Mr. Chandrasekhara Pillai's sense of justice and his balanced judgment will help him now to perform his duties. I have great pleasure to congratulate Mr. Chandrasekhara Pillai on behalf of this House and as a Representative of this House and wish him all success.

Mr. G. RAMACHANDRAN (*Neyyattinkara III—General*): സർ, ശ്രീമാൻ ജി. ചന്ദ്രശേഖരപിള്ളയെ അനുമോദിച്ചുകൊണ്ടു രണ്ടുവാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ഒരു സമയത്തെ ഡെപ്യൂട്ടിപ്രസിഡൻറിനെ തിരഞ്ഞെടുക്കുകയാണ് ഏറ്റവും വലിയ കാര്യമായിവച്ചിരുന്നതു്. അന്നെല്ലാം പ്രസിഡൻറ് ദിവാൻജി മാരായിരുന്നു. അതിനാൽ അന്ന് ഡെപ്യൂട്ടിപ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിന് അത്ര വലിയ പ്രാധാന്യമില്ലായിരുന്നു. ഇന്ന് പ്രസിഡൻറിനെത്തന്നെ തിരഞ്ഞെടുക്കുന്ന കാലമാണ്. അതുകൊണ്ട് എൻറെ അഭിപ്രായത്തിൽ ഡെപ്യൂട്ടിപ്രസിഡൻറ് തിരഞ്ഞെടുപ്പ് കഴിഞ്ഞകാലത്തേക്കാൾ ഇപ്പോൾ പ്രാധാന്യമേറിയതാണ്. ആദ്യമായി ഇവിടെ കൂടുന്ന റിപ്രസെൻറേറ്റീവ് ബോഡിയുടെ ഡെപ്യൂട്ടിപ്രസിഡൻറായി ശ്രീമാൻ ചന്ദ്രശേഖരപിള്ള ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടതു് ഈ സഭയുടെ ഒരു ഭാഗ്യമാണെന്നാണ് ഞാൻ കരുതുന്നതു്. അദ്ദേഹത്തിൻറെ ഗുണഗണങ്ങളെപ്പറ്റി മാന്യമൊഴിയായ മിസ്സ് മസ്ക്രീൻ വളരെ വിശ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടമായിട്ട പറകയുണ്ടായി. എനിക്ക് ഒരു കഥയാണ് അദ്ദേഹത്തെപ്പററി ഇപ്പോഴും ഓർമ്മയിൽ വരുന്നത്. സ്വാതന്ത്ര്യസമരം ഈ രാജ്യത്തു് ആദ്യമായി പൊട്ടിപ്പുറപ്പെട്ട കാലത്തു് ചെങ്ങന്നൂരച്ചു് ഒരു വലിയ യോഗം നടന്നു. ഇന്നു് നടക്കുന്ന യോഗങ്ങൾപോലെ അല്ലായിരുന്നു അതു്. അന്നു് അവിടെനടന്ന കാര്യങ്ങൾ നമ്മുടെ ചരിത്രത്തിൽതന്നെ സ്ഥാനംപിടിച്ചിട്ടുള്ളതാണു്. ആക്രമികളും മറ്റും യോഗസ്ഥലങ്ങളിൽ വന്നു്, കഴുപ്പുങ്ങൾ ഉണ്ടാക്കുകയും പീരങ്കിഉണ്ടപോലെയുള്ള കല്ലുകൾ ആളുകളുടെ പുറത്തു വലിച്ചെറിയുകയും മറ്റും ചെയ്തു് യോഗത്തെ അലങ്കോലപ്പെടുത്താൻ ശ്രമിച്ചു. അന്നു് ആ യോഗത്തിന്റെ ഗൗരവത്തെ സംരക്ഷിച്ചതു് ശ്രീമാൻ ചന്ദ്രശേഖരപിള്ള ആയിരുന്നു. പടക്കളത്തിൽ അദ്ദേഹം ധീരനായ നേതാവായിരുന്നു. ഇതും ഒരു പടക്കളംതന്നെയാണു്. ഡെമാക്രസിയുടെ പടക്കളം. ഇവിടെ ഈ കസേരയിൽ അദ്ദേഹം ഇരിക്കുകയാണെങ്കിൽ അതു് വളരെ അഴകുള്ള ഒരു കാഴ്ചയായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അദ്ദേഹത്തിന്റെ തല അവിടത്തെ തലപോലെ താഴ്ന്നല്ല നിൽക്കുന്നതു്. അദ്ദേഹം ഇരുന്നാൽ അദ്ദേഹത്തിന്റെ തല കസേരയുടെമേകളിൽ പൊങ്ങിനിൽക്കുന്നതു് നമുക്കു കാണാൻ കഴിയും. അദ്ദേഹത്തിന്റെ നിയമപാണ്ഡിത്യം നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. പല സമയത്തും അദ്ദേഹം ഈ സ്ഥാനം അലങ്കരിക്കും. ആ സമയത്തെല്ലാം ഈ സഭയിലുള്ള നാനാഭാഗങ്ങളിലുമുള്ള അംഗങ്ങൾക്കു് ന്യായമായും കാര്യമായുമുള്ള ഉപദേശങ്ങൾ കൊടുത്തു് ഈ സഭയുടെ ഗൗരവത്തെ ശരിയായി പരിരക്ഷിച്ചുകൊണ്ടുപോകുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണു്. അദ്ദേഹത്തിനു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

MR. K. R. ELENKATH (*Trivandrum IV—General*): എന്റെ ബഹുമാന്യസ്നേഹിതനും ഈ സഭയിലെ കരംഗവുമായ മി. ചന്ദ്രശേഖരപിള്ളയെ ഡെപ്യൂട്ടിപ്രസിഡൻറായി തിരഞ്ഞെടുത്തതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. വ്യക്തിപരമായി എനിക്കു ഈ തിരഞ്ഞെടുപ്പിൽ വളരെ സന്തോഷമുണ്ടു്. എന്തെന്നാൽ അദ്ദേഹത്തെ ദീർഘകാലമായി അടുത്തു പരിചയപ്പെടാൻ എനിക്കു് സാധിച്ചിട്ടുണ്ടു്. വട്ടിയൂർക്കാവുസമ്മേളനം സംബന്ധിച്ചു അദ്ദേഹം ചെയ്ത ധീരകൃത്യം ഇവിടെ ഇന്നുള്ള പല മെംബറന്മാർക്കും അറിഞ്ഞുകൂടായിരിക്കും. അന്നു് ആ യോഗത്തെ നിരോധിച്ചുകൊണ്ടു ഗവണ്മെൻറു കർശനമായ ഉത്തരവു പാസ്സാക്കിയിട്ടുണ്ടായിരുന്നു. ആ മൈതാനത്തെ വളഞ്ഞു പട്ടാളവും കന്തിരുപ്പട്ടാളവും നിന്നു

[Mr. K. R. Elenkath]

ന്നണ്ടായിരുന്നു. അന്നു അദ്ദേഹം യോഗം നടത്താനുള്ള ദൃഢനിശ്ചയത്തോടുകൂടി വാളണ്ടിയർമാരെ ശേഖരിച്ച് പാടങ്ങളും കുറിക്കാടുകളും വഴിയായി യോഗസ്ഥലത്തേക്ക് നയിച്ചുകൊണ്ട് അദ്ദേഹംതന്നെ മുമ്പോട്ടുവന്നു. പിരകിലുണ്ടവരാൽ അയ്യോ ആത്മഹത്യയായി തന്നെ കൊള്ളട്ടെ എന്നുള്ള ധീരമായ ദൃഢനിശ്ചയത്തോടുകൂടിയായിരുന്നു അദ്ദേഹം യോഗസ്ഥലത്തെത്തിയതു്. അവിടെ അന്നു നടന്ന അറസ്റ്റിനുശേഷം ഫ്രണ്ടർ-ൽ സെൻട്രൽജയിലിൽ ഒരേമുറിയിൽ അദ്ദേഹവുമൊന്നിച്ചു് കുറേക്കാലം കഴിയാനുള്ള അവസരം എനിക്കു ലഭിച്ചു. അദ്ദേഹത്തിന്റെ സ്വഭാവവിശേഷം നല്ലവണ്ണം ഗ്രഹിക്കുവാൻ അപ്പോൾ എനിക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യനെന്നുള്ള നിലയിൽ; ഡെപ്യൂട്ടിപ്രസിഡണ്ടു് എന്ന നിലയിലല്ല, പല ഗുണങ്ങളും അദ്ദേഹത്തിനുള്ളതായി കാണാൻ സാധിച്ചു. ഒരുത്തമസ്നേഹിതൻ എന്നുള്ള നിലയിലും ആത്മാർത്ഥതയും നിസ്വാർത്ഥതയും നിറഞ്ഞ ഒരു മനുഷ്യനെന്ന നിലയിലും അദ്ദേഹം എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾ ആർജിച്ചിട്ടുള്ള ഒരാളാണു്. കോൺഗ്രസ്സ് കക്ഷിക്കതീതനായിരിക്കുവാനദ്ദേഹത്തിനു് സാധിക്കയില്ലെങ്കിലും ഈ സഭയിൽ അദ്ധ്യക്ഷന്റെ കസേരയിൽ ഇരിക്കുമ്പോൾ അദ്ദേഹം കക്ഷിക്കതീതനായി എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചു് സഭാനടപടികളെ ശരിയായി നിയന്ത്രിക്കുമെന്നു് നമുക്കു് വിശ്വസിക്കാവുന്നതാണു്. അദ്ദേഹത്തിനു് സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

MR. KRISHNAN AIYAPPAN (*Sherthalai III-General*) : സർ, ഈ സഭയിൽ വന്നതിനു് ശേഷമാണു് മി. ചന്ദ്രശേഖരപിള്ളയെ കാണുന്നതിനും പരിചയപ്പെടുന്നതിനും എനിക്കു സാധിച്ചതു്. ദർശനമാത്രയിൽ അദ്ദേഹത്തിന്റെ ആകാരസൂക്ഷ്മ അദ്ദേഹത്തെപ്പറ്റി അറിയുന്നതിനുള്ള ആഗ്രഹം എന്നിൽ ഉളവാക്കി. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പുരോഗതിക്കും രാജ്യത്തിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനം എത്ര നിസ്വാർത്ഥവും ആത്മാർത്ഥതയോടുകൂടിയവയുമായിരുന്നെന്നു് ഇവിടെ നടന്ന പ്രസംഗങ്ങളിൽ നിന്നും അറിയുവാൻ ഇടയായതിൽ എനിക്കു അനല്പമായ സന്തോഷം ഉണ്ടു്. സ്റ്റേറ്റ് കോൺഗ്രസിന്റെ വാളന്റീയർ ക്യാപ്റ്റനായിരുന്നു് ഒരു കാലം അദ്ദേഹം യുവജനങ്ങൾക്കു നേതൃത്വം നൽകിയിട്ടുണ്ടെന്നു് അറിഞ്ഞപ്പോൾ പലവിധത്തിൽ കേൾവിപ്പെട്ടിട്ടുള്ള ചേർത്തലയിൽനിന്നുംവന്ന എനിക്കു് ചേർത്തലയിലെ യുവജനങ്ങൾക്കും അദ്ദേഹത്തിന്റെ നേതൃത്വം ലഭിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായി. മി. ചന്ദ്രശേഖരപിള്ളക്ക് ഈ സ്ഥാനം ലഭിക്കാനിടയായതു് യാദൃഛികമാണെന്നു് കരുതാവതല്ല. അതു് അദ്ദേഹം ന്യായമായി അർഹിക്കുന്ന നിലയിൽ അദ്ദേഹത്തിനു് വന്നുചേർന്നതാണു്. മി. ചന്ദ്രശേഖരപിള്ളയെ അദ്ദേഹത്തിന്റെ ഈ സ്ഥാനലബ്ധിയിൽ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും അദ്ദേഹത്തിനു് സർവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്യുകൊള്ളുന്നു.

MR. P. K. KRISHNAN SASTRI (*Meenachilli—Pulaya Reserved*) : ശ്രീമാൻ ചന്ദ്രശേഖരപിള്ള അവർകളെ ഈ അവസരത്തിൽ അനുമോദിക്കുന്നതിനു് എനിക്കു് അതിയായ സന്തോഷമുണ്ടു്. നെയ്യാറ്റിൻകരയാണു് എന്റെ മാന്യസ്നേഹിതന്റെ സ്വദേശം. അദ്ദേഹത്തിന്റെ കർമ്മശുദ്ധി, എല്ലാവരോടും സമഭാവനയോടും സ്നേഹത്തോടുംകൂടി പെരുമാറാനുള്ള കഴിവു്, സ്വാതന്ത്ര്യപ്രേമം, സ്വരാജ്യസ്നേഹം, ദേശഭക്തി മുതലായവയെപ്പറ്റി എനിക്കു നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല ജനങ്ങളുടെയിടയിൽ അദ്ദേഹവും വിശ്വാസവും ആദരിക്കത്തക്ക പല സംഭവങ്ങളിലും അടുത്തകാലത്തു പങ്കുകൊള്ളാനും അദ്ദേഹത്തിനു് കഴിഞ്ഞിട്ടുണ്ടു്. ഏറ്റവും ഭാസുരമായ ഒരു ഭാവി അദ്ദേഹത്തെ പ്രതീക്ഷിച്ചുകൊണ്ടുനില്ക്കുകയാണെന്നുള്ളതിനു് സംശയമില്ല. അങ്ങനെയുള്ള ഒരു മെമ്പറെ ഈ സഭയുടെ ഡെപ്യൂട്ടിപ്രസിഡന്റായി തിരഞ്ഞെടുത്തതിൽ നമുക്കു് വിശിഷ്യ, തിരുവിതാംകൂറിനു് പൊതുവെ അഭിമാനിക്കാവുന്നതാണു്. അദ്ദേഹത്തിന്റെ സേവനം ഈ സഭക്കു് കൂടുതൽ ഉത്തേജനവും പ്രമോദനവും നൽകുമെന്നു് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്ഥിരോത്സാഹവും കൃത്യനിഷ്ഠയും ദേശഭക്തിയും നമ്മെ എല്ലാവരേയും മഹത്തായ രാജ്യസേവനത്തിൽ വളരെ താൽപര്യമുള്ളവരാക്കിത്തീർക്കുമെന്നുള്ളതിനു് സംശയമില്ല ശ്രീമാൻ ജി. ചന്ദ്രശേഖരപിള്ളയെ എതിരില്ലാതെ തിരഞ്ഞെടുത്തതിൽ ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അനുമോദിക്കുന്നു. അദ്ദേഹത്തിന്റെ സേവനം ഏറ്റവും വിജയപ്രദമായിഭവിക്കട്ടെ എന്ന ആശംസയോടുകൂടി ഞാൻ വിരമിക്കുന്നു.

MR. P. S. NATARAJA PILLAI (*Taivandrum V—General*): ഉപദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടിരുക്കുന്ന ഖനം ശ്രീമാൻ ചന്ദ്രശേഖരപിള്ള അവർകളുക്കു ആശംസകൾ അറിയിക്കുന്നതിൽ എനിക്കു വളരെയും സന്തോഷമുണ്ടു്. നമ്മുടെ നാട്ടിൽ പൊതുപ്രവർത്തനത്തിൽ തൊണ്ടർ പുലയസമുദായത്തിലെ ഒരാൾ പൊതുജനത്തിനുവേണ്ടി പല കാര്യങ്ങൾ ഉഴൈത്തു, ഇന്നാട്ടിലുള്ള യാവരുടെയും മതിപ്പുപാത്രമായിത്തീർന്നിരുക്കിറാർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

இவர் நாட்டாரிடம் காட்டும் சமதிஷ்டமையின் காரணமாக இவர்களுடைய நண்பர்கள் யாவரும் இவர் ஒரு பாராபட்சமற்ற அரசியல் வாதி என்று அறிந்து இவர் உபதலைவராக இருக்க ஓர் சந்தர்ப்பமும் அளித்திருக்கிறார்கள்.

இவர் உபதலைவராக இருப்பது இந்த சபைக்கு நன்மையையும் மேன்மையையும் தரும் என்று நினைக்கிறேன். கடவுள் அவர் டால் நின்று அவருக்கு துணை புரிவாராக.

MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : ഈ സഭയുടെ ഉപാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമാൻ ജി. ചന്ദ്രശേഖരപിള്ള അവർകളെ ഹൃദയപൂർവ്വം അനുമോദിക്കുന്നു. ഈ സഭയുടെ അദ്ധ്യക്ഷപദവിയും ഉപാദ്ധ്യക്ഷപദവിയും തിരഞ്ഞെടുപ്പിന് വിധേയമാണല്ലോ. ഈ തിരഞ്ഞെടുപ്പുകർമ്മം രണ്ടും എതിരില്ലാതെയാണ് നടന്നിട്ടുള്ളതു്. തിരഞ്ഞെടുപ്പിൽ അദ്ധ്യക്ഷനേ ഉപാദ്ധ്യക്ഷനും തികച്ചും അനുമോദനാർഹരാണ്. പാർട്ടിയുടെ നിയോഗപ്രകാരം പാർട്ടിയിൽനിന്നും അങ്ങയെ അനുമോദിച്ചു പ്രസംഗിക്കുകയായിരുന്നു. ശ്രീമാൻ ജി. ചന്ദ്രശേഖരപിള്ള അവർകളെ അനുമോദിച്ചു് പ്രസംഗിക്കുവാൻ പൊതുവെ സന്തോഷത്തോടും നർമ്മരസത്തോടും കൂടിയതു് സന്തോഷാവഹമായ ഒരു കാര്യമാണ്. ശ്രീമാൻ ചന്ദ്രശേഖരപിള്ള അവർകൾ എല്ലാവരുടെയും സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനും രാജ്യസേവനതൽപരനും ആണല്ലോ. ഞാൻ അദ്ദേഹത്തിനു സദ്ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

MR G. CHANDRASEKHARA PILLAI (*Neyyattinkara II-General*) (*Deputy President*) : ഈ സഭയുടെ ഡെപ്യൂട്ടിപ്രസിഡൻറായി എന്നെ ഏകകണ്ഠമായി തിരഞ്ഞെടുത്തതിൽ ഈ സഭയോടു എനിക്കുള്ള അകൈതവമായ കൃതജ്ഞത ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളട്ടെ. എന്നെപ്പറ്റി പ്രശംസിച്ചു് ചില പ്രസ്താവനകൾ ഇവിടെ ചെയ്യുകയുണ്ടായി. ആ പ്രശംസകൾക്കു് ഞാൻ അർഹനാണോ എന്നു് എനിക്കുതന്നെ സംശയമുണ്ടു്. എങ്കിലും, ആ പ്രശംസകൾ എന്നോടു് ഈ ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കുള്ള സ്നേഹത്തിന്റെ ഒരു ബാഹ്യസ്ഫുരണം മാത്രമാണെന്നു് വിശ്വസിച്ചു് ഞാൻ സമാധാനിക്കുന്നു. ഞാൻ സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയിൽപ്പെട്ട ഒരംഗമാണെന്നുള്ള കാര്യം എനിക്കറിയാം. എങ്കിലും ഡെപ്യൂട്ടിപ്രസിഡൻറെന്നുള്ള നിലയിലുള്ള എന്റെ കൃത്യനിർവ്വഹണത്തിൽ നിഷ്പക്ഷത പരിപാലിക്കുന്നതിനും എല്ലാ അംഗങ്ങൾക്കും തുല്യമായ അവകാശങ്ങൾ സംരക്ഷിതമാക്കുന്നതിനും ഞാൻ സദാ ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്യുന്നതാണെന്നും ഉറപ്പു പറഞ്ഞുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടിപ്രസിഡന്റ് ഒരു കക്ഷിരഹിതനായ ഒരാളായിരിക്കണമെന്നില്ലെന്നു എല്ലാവർക്കും അറിയാവുന്നതാണല്ലോ. അതു എനിക്കു ഈ സ്ഥാനലബ്ധിയിൽ കൂടുതൽ ധൈര്യം തരുന്നുണ്ടു്. ഇതിൽ കൂടുതലായി ഇപ്പോൾ ഒന്നുംതന്നെ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഡെപ്യൂട്ടിപ്രസിഡന്റെന്നുള്ള സ്ഥാനം എനിക്കു നൽകി എന്നെ ബഹുമാനിച്ചതിൽ ഈ ബഹുമാനപ്പെട്ട സഭാംഗങ്ങളോടു് എനിക്കുള്ള കൃതജ്ഞത ഒരിക്കൽക്കൂടി പ്രകാശിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ ഈ മറുപടി പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ELECTION OF FIFTEEN MEMBERS TO THE ADVISORY COMMITTEE.

MR. PRESIDENT : അടുത്തതു് അഡ്വൈസറി കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പാണു്. രൂൾ അനുസരിച്ചു് ഫ ഒ അംഗങ്ങളെയാണു് അഡ്വൈസറി കമ്മിറ്റിയിലേക്കു് തിരഞ്ഞെടുക്കേണ്ടതു. ഈ സഭയിലുള്ള എല്ലാ അംഗങ്ങളുംകൂടി യോജിച്ചു് ഫ ഒ അംഗങ്ങളുടെ പേരു മാത്രമാണു ഇവിടെ തന്നിട്ടുള്ളതു്. അതു് വളരെ സന്തോഷകരമായ ഒരു നടപടിയാണെന്നു് പറയാതെ തരമില്ല. മറ്റാരെയും കമ്മിറ്റി അംഗങ്ങളായി പേരു് നിർദ്ദേശിച്ചിട്ടില്ലാത്തതുകൊണ്ടു് ഇവിടെ ചേർത്തിട്ടുള്ള താഴെ പറയുന്ന ഫ ഒ ആളുകളേയും അഡ്വൈസറികമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നു എന്നു് ഞാൻ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

അഡ്വൈസറി കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം.

ക. മി. പി. സി. തോമസ്
ഖ. ,, ഇ. ഭാസ്കരൻ
ഗ. ,, ഡി. ജ്ഞാനശിരോമണി
ഘ. ,, എം. ഗോവിന്ദൻ
ങ. ബഹു: മി. സി. കേശവൻ
ച. മി. ഡി. കൃഷ്ണൻപോറ്റി
ഛ. ,, പി. കെ. കൃഷ്ണൻ ശാസ്ത്രി
ജ. ,, പി. എസ്. മഹമ്മദ്
ഝ. ,, ടി. കെ. നാരായണപിള്ള
ഞ. ,, പി. എസ്. നടരാജപിള്ള

LIBRARY ARCHIVES Kerala Legislative Assembly